LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഞാൻ പത്രത്തിന്റെ ഏജൻസി നടത്തിയിട്ടുണ്ട്. ആ കാലത്ത് 25% കമ്മിഷൻ സബ് ഏജന്റുമാർക്ക് കൊടുത്തിട്ടുണ്ട്. കേരളത്തിൽ മറ്റാരും കൊടുക്കാത്തത് കൊടുത്തിട്ടുണ്ട്. ഏജന്റുമാരേയും സബ് ഏജന്റുമാരേയും ഏറ്റവുമധികം ചൂഷണം ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ചില കുത്തകപ്പത്രങ്ങൾ ആ നിലയിൽ ചൂഷണം ചെയ്യുന്നുണ്ട്. ഇവർക്ക് സംരക്ഷണം കിട്ടണം. ഇവർക്ക് കിട്ടിയിരുന്ന ആനുകൂല്യങ്ങൾ പോലും അവരറിയാതെ എടുത്തു മാറ്റപ്പെടുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് പത്ര ഏജന്റുമാർക്ക് ക്ഷേമനിധിയും പെൻഷനും വേണമെന്ന് പറയുന്നത്.

ശ്രീ. കെ.പി. രാജേന്ദ്രൻ : അങ്ങ് ക്ഷേമനിധി ആനുകൂല്യങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. ഏജന്റുമാരുടെ കീഴിലുള്ള സബ് ഏജന്റുമാരുടെ കാര്യം വളരെ ഗൗരവപ്പെട്ട പ്രശ്നമാണ്. ഇപ്പോൾ പുതിയൊരു ഏജന്റായി ഒരു സ്ഥലത്ത് ആർക്കും ഈ തൊഴിലിനു വരാൻ കഴിയുന്നില്ല.. ഓരോ ഏര്യയും ഓരോരുത്തരുടെ കയ്യിലാണ്. അവർക്ക് വലിയ സംഖ്യ കൊടുക്കണം. അവിടെ പുതിയതായി ഒരാൾക്ക് പത്തോ അമ്പതോ നൂറോ പത്രം വിതരണം ചെയ്ത് ആ ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവിധം നിലവിലുള്ള വലിയ ഏജന്റുമാർ ആ ഏരിയ കയ്യടക്കി വച്ചിരിക്കുന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി.പി. ബാലൻ വൈദ്യർ : അതുണ്ട്. വിപുലമായ പ്രദേശം ഒരാളുടെ കയ്യിലാക്കുക, എന്നിട്ട് അയാൾ പത്തോ പന്ത്രണ്ടോ ആളുകളെക്കൊണ്ട് പത്ര വിതരണം നടത്തിക്കുക, അതെല്ലാം ഈ രംഗത്തുണ്ട്. ഞാൻ ആവശ്യപ്പെടുന്നത്, ഈ ഏജന്റുമാരേയും സബ് ഏജന്റുമാരേയും സഹായിക്കത്തക്കവിധത്തിലുള്ള നടപടി വേണം. പത്രത്തിൽനിന്നുതന്നെ അവർക്ക് ക്ഷേമനിധിയും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടാണ് ഞാൻ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. (ചർച്ച തുടരും)

5. 2000-ലെ കേരള കലാപ്രവർത്തക ക്ഷേമനിധി ബിൽ

(ശ്രീ. പി.സി. ജോർജ് നോട്ടീസ് നൽകിയത്)

(പ്രമേയാവതാരകൻ സഭയിൽ ഹാജരില്ലാതിരുന്നതിനാൽ ചർച്ചയ്ക്കെടുത്തില്ല)

3. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ (തുടർ ചർച്ച)

(1) 1998-ലെ കേരള ഹോമിയോപ്പതിക് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ (ശ്രീ. പി. രാജു നോട്ടീസ് നൽകിയത്)

ശ്രീ. പി. രാജു : സർ, 1998-ൽ അവതരിപ്പിച്ച ഒരു ബില്ലാണിത്. രണ്ടു വർഷക്കാലം കഴിഞ്ഞപ്പോഴാണ് ഇതിനെക്കുറിച്ച് വീണ്ടും സംസാരിക്കാനുള്ള ഒരവസരം കിട്ടിയത്. ഇക്കണക്കിനു പോയാൽ രോഗി ചത്ത് എല്ലാം കഴിഞ്ഞതിനുശേഷം മാത്രമേ എന്തെങ്കിലും നടപ്പിലാകുകയുള്ളൂ. ഹോമിയോ ചികിത്സ ലോക പ്രസിദ്ധമായ ചികിത്സയാണ്. ഇത് കേരള സംസ്ഥാനത്തിൽ വ്യാപകമായ തോതിൽ പ്രചരിപ്പിക്കുന്നതിനും ഈ ചികിത്സാരീതി കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ഭംഗിയായ രീതിയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കണം. ഹോമിയോ ഡോക്ടർമാരിൽ കേര